**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 282
**05.03.2012 - ലെ മറുപടിയ്ക്ക്**

**കൈനകരി പഞ്ചായത്തിലെ മുട്ടേൽ-മുണ്ടയ്ക്കൽ പാലങ്ങളുടെ നിർമ്മാണം**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | കുട്ടനാട് നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കൈനകരി പഞ്ചായത്തിലെ മുട്ടേൽ-മുണ്ടയ്ക്കൽ പാലങ്ങളുടെ നിർമ്മാണത്തിന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച ഫയലുകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | മുട്ടേൽ പാലത്തിന് 13.09.2010-ലെ 1443/10/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 680 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കാര്യങ്ങൾ പരിശോധിച്ച് പാലത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ തുക ആവശ്യമായി വന്നതിനാൽ സർക്കാരിനു ലഭിച്ച 12 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയിലാണ്. മുണ്ടയ്ക്കൽ പാലത്തിനും അപ്രോച്ച് റോഡിനും 14.07.2009-ലെ (ആർ.റ്റി.) നമ്പർ 1044/2009/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാലം നിർമ്മാണത്തിനായി അടിയന്തിര ഖണ്ഡത്തിൽ ഉൾപ്പെടുത്തി സ്ഥലമെടുക്കുന്നതിന് 27.02.2012-ലെ (ആർ.റ്റി.) 305/2012/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം നിർമ്മാണത്തിന് എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ; | മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| സി) | മേൽ പറഞ്ഞ പാലങ്ങളുടെ നിർമ്മാണത്തിന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സത്വര നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**